national book festival 2018

കേരള സാഹിത്യ അക്കാദമി
തൃശൂർ
04.02.2018

<u>പത്രക്കുറിപ്പ്</u>

# മുട്ടത്തോടിലെ ചിത്രവിസ്മയം

തൃശൂർ : ചുവർചിത്രങ്ങളും കടലാസ് ചിത്രങ്ങളും നമ്മൾ കണ്ടിട്ടുണ്ട്. എന്നാൽ, മുട്ടത്തോടിനുള്ളിൽ കലയുടെ പുതുവിസ്മയലോകം സൃഷ്ടിക്കുകയാണ് വടക്കാഞ്ചേരി സ്വദേശി സൂരജ്. കേരള സാഹിത്യ അക്കാദമിയുടെ ദേശീയപുസ്തകോത്സവത്തിന്റെ ഭാഗമായി അക്കാദമി ഓഡിറ്റോറിയത്തിൽ നടക്കുന്ന മുട്ടത്തോടിലെ ചിത്രങ്ങൾ ആസ്വദിക്കാൻ കാണികൾ ധാരാളമെത്തുന്നു. മുട്ടക്കുള്ളിൽ 2.5 മില്ലീമീറ്റർ ദ്വാരമുണ്ടാക്കി സിറിഞ്ച് ഉപയോഗിച്ച് മാംസഭാഗങ്ങൾ എടുത്തുകളഞ്ഞ് ഒരു മില്ലീമീറ്റർ വരുന്ന ഈർക്കിൽ ബ്രഷുകൊണ്ട് ആക്രിലിക് പെയ്ന്റ് ഉപയോഗിച്ച് കുത്തുകളിട്ട് സൂക്ഷ്മതയോടെയാണ് സൂരജ് ചിത്രങ്ങൾ വരച്ചിരിക്കുന്നത്. മണിക്കൂറുകളോളം സമയമെടുത്ത് വരച്ചിട്ടുള്ള ചിത്രങ്ങൾ ആരിലും അത്ഭുതാദരങ്ങൾ സൃഷ്ടിക്കും. ദ്വാരത്തിനുള്ളിലേക്ക് നോക്കുന്ന പ്രേക്ഷകർക്ക് കാഴ്ചയുടെ മറ്റൊരു വസന്തം പകരുകയാണ് ഈ ചിത്രങ്ങൾ. സുഭാഷ് ചന്ദ്രബോസ്, മഹാത്മാഗാന്ധി, ജവഹർലാൽ നെഹ്റു, ലെനിൻ, ചെഗുവേര എന്നീ ജനനേതാക്കളും യേശുക്രിസ്തു, മദർ തെരേസ, ചാർളി ചാപ്ലിൻ തുടങ്ങിയ മഹാത്മാക്കളും ചിത്രങ്ങൾക്ക് വിഷയമാവുന്നു. ആട് 2 എന്ന സിനിമയിൽ ജയസൂര്യ അവതരിപ്പിച്ച ഷാജി പാപ്പനും സൂരജിന്റെ ചിത്രങ്ങളിൽ ഇതൾ വിരിയുന്നുണ്ട്. പുസ്തകോത്സവവേദിയിൽ പ്രദർശനം പത്താം തിയതി വരെ നീണ്ടുനിൽക്കും.

**ഡോ.കെ.പി.മോഹനൻ**
സെക്രട്ടറി